# സാഹിത്യവാരഫലം

2001/12/28 (സമകാലികമലയാളം)


എം. കൃഷ്ണൻ നായർ

Copyright © 2014-2020, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

# സാഹിത്യവാരഫലം

2001/12/28-ൽ സമകാലികമലയാളം വാരികയിൽ പ്രസിദ്ധീകരിച്ചത്.

ഇംഗ്ലീഷ് കവി വേഡ്സ്‌വർത് (Wordsworth 1770–1850) മരിച്ചപ്പോൾ 'ഡെമക്രറ്റിക് റിവ്യൂ' എന്ന ജേണലിന്റെ എഡിറ്റർ അനുശോചനം രേഖപ്പെടുത്തിയതു് ഇങ്ങനെയാണ്. വേഡ്സ്‌വർത് എന്ന കവി എൺപതാമത്തെ വയസ്സിൽ


വേഡ്സ്‌വർത്


ഏപ്രിൽ 23-ആം തീയതി മരിച്ചു. ഈ മരണം അറിയുമ്പോൾ ഞങ്ങൾക്കു വലിയ ദുഃഖത്തിന്റെ ബോധം ഉണ്ടെന്നു പറഞ്ഞുകൂടാ. കാരണം ബേൺസ്, ബൈറൻ, ഷെല്ലി ഇവരെപ്പോലെയുള്ള കവികളുടെ കൂട്ടത്തിൽ അദ്ദേഹത്തെ ഞങ്ങൾക്ക് ഉൾപ്പെടുത്താൻ സാധിക്കുകയില്ല എന്നതാണ്. ആ കവികൾ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ആത്മപ്രചോദകങ്ങളായ പ്രാർത്ഥനകൾകൊണ്ടും അതിനെ ലക്ഷ്യമാക്കിയുള്ള ശാശ്വതങ്ങളായ അഭിലാഷങ്ങൾകൊണ്ടും ജനതയുടെ എല്ലാക്കാലത്തേക്കുമുള്ള ആരാധനയ്ക്കു പാത്രമായവരാണ്. പ്രഭുവർഗ്ഗത്തിന്റെ പ്രതിഫലം പറ്റുന്ന അടിമയ്ക്കും രാജവാഴ്ചയുടെ ഇത്തിൾക്കണ്ണിക്കും—പെൻഷൻപറ്റിയ ഇത്തിൾക്കണ്ണിക്കും-വേണ്ടി ചൊരിയാൻ അവർക്കു കണ്ണീരില്ല.

വേഡ്സ്‌വർത് ഈ രീതിയിൽ ആക്ഷേപിക്കപ്പെടണോ എന്ന ചോദ്യമിരിക്കട്ടെ. ഇതു പ്രസിദ്ധപ്പെടുത്തിയ എഡിറ്ററുടെ ധൈര്യം അന്യാദൃശ്യമല്ലേ? എത്രയോ വായനക്കാരെ ഇതുകൊണ്ട് അദ്ദേഹം മുറിവേല്പിക്കും? വായനക്കാർ ജേണലിനെ എല്ലാക്കാലത്തേക്കുമായി ഉപേക്ഷിക്കുകയല്ലേ? എന്ന വിചാരമൊന്നും എഡിറ്റർക്കില്ല. തനിക്കു ശരിയെന്നു തോന്നുന്നതു് അദ്ദേഹം എഴുതുന്നു. പ്രസിദ്ധപ്പെടുത്തുന്നു. ഇതാണ് ധൈര്യം. ഈ ധീരത നമ്മുടെ ദിനപത്രങ്ങളും കാണിക്കണമെന്ന് എനിക്ക് വിനയാന്വിതമായ നിർദ്ദേശമുണ്ട്. ഒരുപക്ഷേ, നമ്മുടെ എഡിറ്റർമാർ മഹാമനസ്കതയുള്ളവരായിരിക്കും.

> മലയാളത്തിൽ ഉണ്ടാകുന്ന കഥകൾ മാത്രം വായിച്ചുകൊണ്ടിരുന്നാൽ 'മെന്റൽ ഡിപ്രെഷൻ' ഉണ്ടാകും.

തങ്ങളെ പുലഭ്യം പറഞ്ഞ ആളുകൾ മരിക്കുമ്പോൾ അവർ നീരസം മറന്ന് വലിയ അക്ഷരത്തിൽ ചരമവാർത്ത പ്രസിദ്ധപ്പെടുത്താറുണ്ട്. അതു് പത്രത്തിന്റെയും അതിന്റെ അധിപരുടെയും സംസ്കാരവിശേഷമായി കാണാവുന്നതാണ്. എങ്കിലും ഇംഗ്ലണ്ടിലെ ജേണൽ കാണിച്ച ആ ധീരതയാണ് എനിക്കേറെ ഇഷ്ടം. ധീരത വരുമ്പോൾ ഭാഷയ്ക്ക് ശക്തിവരും. ആ ശക്തിയാണ് അമേരിക്കൻ സാഹിത്യകാരിയായ സിന്തിയ ഓസിക്കിന്റെ രചനകളിൽ (Cynthia Ozick, 1928) ഉള്ളതു്. അവരുടെ 'The Shawl' എന്ന കൊച്ചുകഥ സുന്ദരമാണ്, ശക്തമാണ്. റോസയും അവളുടെ കുഞ്ഞ് മാഗ്ദയും റോഡിലൂടെ പോകുകയാണ്. റോസ പതിനാലു വയസ്സുള്ള കനംകുറഞ്ഞ പെൺകുട്ടിയാണ്. തീരെ കനംകുറഞ്ഞ മുലകൾ. മാഗ്ദയെ കൊടുംതണുപ്പിൽനിന്നും രക്ഷിക്കാനായി അമ്മ അതിനെ പുതപ്പുകൊണ്ട് മൂടിയിട്ടുണ്ട്. മാഗ്ദ അമ്മയുടെ മുലക്കണ്ണു വായിലാക്കി. പാലില്ല. ചിലപ്പോൾ മാഗ്ദ വായുവായിരിക്കും ഉള്ളിലേക്കു വലിച്ചെടുക്കുക. അപ്പോൾ അതു നിലവിളിക്കും. കുഞ്ഞിന് അമ്മയുടെ ഛായയില്ല. വട്ടമുഖം. അതു വേറൊരു മുഖമാണ്. പക്ഷേ, അതിന് നീലക്കണ്ണുകളുണ്ട്.

തടങ്കൽപ്പാളയത്തിലേക്ക് നാസ്തികൾ റോസയെയും മറ്റുള്ളവരെയും കൊണ്ടുപോവുകയാണ്. മാർഗ്ഗമധ്യേ ഏതെങ്കിലും സ്ത്രീയുടെ കൈയിലേക്ക് മാഗ്ദയെ വച്ചുകൊടുക്കണമെന്നുണ്ട് റോസയ്ക്ക്. പക്ഷേ, വരിയിൽ


ബൈറൻ

നിന്നു മാറിയാൽ അവർ അവളെ വെടിവച്ചുകൊല്ലും. നല്ല കുഞ്ഞാണ് മാഗ്ദ. അതു കരയുന്നതേയില്ല. പാലില്ലാത്ത മുലക്കണ്ണ് ഉപേക്ഷിച്ച് കുഞ്ഞ് പുതപ്പിന്റെ ഒരു അറ്റം വലിച്ചുകടിച്ചുതുടങ്ങി. നൂലുകൾ നനച്ച് അത് വലിച്ചുകടിച്ചു. വലിച്ചുകടിച്ചു. പുതപ്പിനു മാന്ത്രികത്വമുണ്ടോ? മൂന്നു പകലും മൂന്നു രാത്രിയും അതിനു ശിശുവിനെ പാലുകുടിപ്പിക്കാൻ കഴിയും. റോസയുടെ കൂടെ നടക്കുന്ന സ്റ്റെല്ല കുഞ്ഞിനെ നോക്കി 'ആര്യൻ' എന്നു രണ്ടുതവണ പറഞ്ഞു.

റോസയ്ക്ക് അറിയാം മാഗ്ദ വളരെവേഗം മരിക്കുമെന്ന്. അവർ പട്ടാളത്താവളത്തിൽ എത്തി. മാഗ്ദ ശബ്ദിക്കില്ല. പക്ഷേ, അതിന്റെ കണ്ണുകൾ ഭയജനകമായ വിധത്തിലത്രേ. അത് പുതപ്പിനെ സംരക്ഷിച്ചു. അമ്മയല്ലാതെ വേറെ ആരും അതു തൊടാൻ പാടില്ല. ആ താവളത്തിൽ 'റോൾ കോൾ' ഉണ്ട്. പുതപ്പിൽ കുഞ്ഞിനെ ഒളിച്ചുവച്ച് റോസ ഹാജർ വിളിക്കുന്നിടത്തുചെന്നു നില്ക്കും. മുലക്കണ്ണു വരണ്ടതിനുശേഷം കുഞ്ഞ് മിണ്ടിയിട്ടില്ല. ഒരു ദിവസം "അമ്മേ…" എന്ന് നിലവിളിച്ചു. പുതപ്പ് പട്ടാളത്താവളത്തിൽ ആയിപ്പോയി. അതു കടിക്കാൻ കിട്ടാതെയാണ് കുഞ്ഞ് നിലവിളിച്ചതു്. റോസ ഓടിച്ചെന്ന് അതെടുത്തു കൊണ്ടുവന്നു.

ഹാജർ വിളിക്കുന്നിടത്തു് ഉരുക്കുവേലിയുണ്ട്. അതിൽ വിദ്യുച്ഛക്തി പ്രവഹിക്കുന്നുണ്ട്. വായു മാത്രമുള്ള വയറോടുകൂടി മാഗ്ദ പുതപ്പിനുവേണ്ടി കൈ ഉയർത്തി. പക്ഷേ, കുഞ്ഞ് ആരുടെയോ തോളിൽ ചലനംകൊള്ളുകയാണ്. ആ തോളിനുമുകളിൽ പട്ടാളക്കാരൻ ധരിക്കുന്ന ലോഹത്തൊപ്പി. ആ തൊപ്പിക്ക് താഴെ കറുത്ത ശരീരം. താഴെയായി കറുത്ത ബൂട്ട്സ്. വിദ്യുച്ഛക്തി ശബ്ദങ്ങൾ അനിയന്ത്രിതമായി "അമ്മേ…" എന്നു വിളിക്കാൻ തുടങ്ങി. പൊടുന്നനെ പതിനഞ്ചു മാസം പ്രായമുള്ള മാഗ്ദ വായുവിലൂടെ നീന്തി. വെള്ളിമുന്തിരിച്ചെടിയെ തൊടാൻ പോകുന്ന ചിത്രശലഭംപോലെ കാണപ്പെട്ട മാഗ്ദ. ആ കുഞ്ഞിനെ ഉരുണ്ട തലയും പെൻസിൽ കാലുകളും ബലൂൺ പോലെയുള്ള വയറും ഉരുക്കുവേലിയിൽ തെന്നിതെറിച്ചു. വിദ്യുച്ഛക്തി പ്രവഹിക്കുന്ന വേലിയ്ക്കടുത്തു് മാഗ്ദ വീണിടത്തു് റോസയ്ക്കു ഓടിച്ചെല്ലണമെന്നുണ്ടായിരുന്നു. അവൾ ഓടിച്ചെന്നാൽ. കമ്പുപോലെയുള്ള മാഗ്ദയുടെ ശരീരമെടുത്താൽ അവർ വെടിവയ്ക്കും. റോസ അനങ്ങിയില്ല. പുതപ്പ് അവൾ വായിലേക്ക് തിരുകി. വായിലേക്ക് തിരുകിക്കയറ്റി നിലവിളി അങ്ങനെ അവൾ വിഴുങ്ങി. മാഗ്ദയുടെ തുപ്പൽ പുരണ്ട പുതപ്പ് ഉണങ്ങുന്നുവരെ അവൾ വലിച്ചുകടിച്ചു.

എന്റെ ഈ കഥാസംഗ്രഹം കലാകൊലപാതകമായിപ്പോയി എന്ന് എനിക്കറിയാം. അതുകൊണ്ട് വായനക്കാർ ഇംഗ്ലീഷ് കഥതന്നെ വായിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. വായിച്ചാൽ അവർ സന്ത്രാസത്തിനു വിധേയരാകും. കലയുടെ ശക്തിയും സൗന്ദര്യവും കണ്ട് അത്ഭുതപ്പെടും.


ഇ. എം. എസ്സ്

ആറു ദശലക്ഷം യൂറോപ്യൻ ജൂതന്മാരെ കൊന്നൊടുക്കിയതിനെയാണ് ഹോലകൊസ്റ്റ് (Holocaust) എന്നു പറയുന്നതു്. എണ്ണമറ്റ ആ വധങ്ങൾ ജനിപ്പിച്ച വിഷാദവും ഞെട്ടലും ഈ ചെറിയ കഥ ജനിപ്പിക്കുന്നുണ്ട്. നാസ്തി തടങ്കൽപ്പാളയത്തിലേക്കു ജൂതരെ കൊണ്ടുപോകുന്നതു് വർണ്ണിക്കുകയാണ് ജൂതവംശജരായ സിന്തിയ ഓസിക്. പതിനാലുവയസ്സേയുള്ള റോസയ്ക്ക്. എങ്കിലും അവൾ അമ്മയായി. ഏതെങ്കിലും നാസ്തി അവളെ ബലാത്സംഗം ചെയ്തിരിക്കും. റോസയുടെ കൂടെയുള്ള സ്റ്റെല്ല കുഞ്ഞിനെ നോക്കി ആര്യൻ എന്നു രണ്ടുതവണ വിളിച്ചതു് ഇതു ലക്ഷ്യമാക്കിയാണ്. അച്ഛനാരായാലും പെറ്റ സ്ത്രീയ്ക്ക് കുഞ്ഞിനോടു അതിരറ്റ സ്നേഹമാണല്ലോ. അതിന് ആപത്തു വരാതിരിക്കാൻ വേണ്ടി പുതപ്പിൽ പൊതിഞ്ഞു വക്ഷസ്സിൽ ഒളിച്ചുവയ്ക്കുന്ന റോസ. ചിലപ്പോൾ കുഞ്ഞു കരയാൻ തുടങ്ങിയാൽ അവൾ പുതപ്പുകൊണ്ടുതന്നെ അതിന്റെ വായ് പൊത്തിപ്പിടിക്കും.

മാഗ്ദ പുതപ്പ് കിട്ടാതെ കരഞ്ഞതാണ് ദുരന്തത്തിന്റെ കാരണം. കുഞ്ഞിന്റെ വാ പൊത്തിപ്പിടിച്ച് നിശ്ശബ്ദത ഉണ്ടാക്കുന്ന റോസ. ഒരു ശബ്ദവും ഒരിടത്തുനിന്നും ഉയരുന്നില്ല. ആ നിശ്ശബ്ദത ഭഞ്ജിക്കപ്പെട്ടപ്പോൾ മരണമുണ്ടായി. ജൂതന്മാർ ശബ്ദമുയർത്തിയാൽ മരണത്തിന് അഭിമുഖീഭവിക്കാൻ നിർബ്ബദ്ധരാകും എന്നാവാം സിന്തിയ ഓസിസ് പറയുന്നതു്. ഇതുപോലെ majestic ആയ കഥകളാണ് പ്രിയപ്പെട്ട വായനക്കാർ വായിക്കേണ്ടതു്. മലയാളത്തിൽ ഉണ്ടാകുന്ന കഥകൾ മാത്രം വായിച്ചുകൊണ്ടിരുന്നാൽ 'മെന്റൽ ഡിപ്രെഷൻ' ഉണ്ടാകും.

## ചോദ്യം, ഉത്തരം

**ചോദ്യം:** നിങ്ങളുടെ വീട്ടിൽ ഹോട്ട്പ്ലെയ്റ്റ് ഉണ്ടോ? കംപ്യൂട്ടറുണ്ടോ? ഇന്റർനെറ്റ് പ്രിന്റ് ഔട്ട് എടുക്കാൻ സൗകര്യമുണ്ടോ? നിങ്ങളുടെ വീട്ടിൽ AC Rooms ഉണ്ടോ? നിങ്ങൾക്കു കാറുണ്ടോ?

**ഉത്തരം:** ഇത്തരം വൾഗർ മാറ്റേഴ്സിൽ എനിക്കു താൽപര്യമില്ല. പാബ്ലോ നെറൂദയുടെയും പെസ്സോയുടെയും റ്റ്സോലാന്റെയും കവിതകളുണ്ട് എന്റെ വീട്ടിൽ.

**ചോദ്യം:** നിങ്ങൾക്കു മരണം ഞെട്ടലുണ്ടാക്കിയിട്ടുണ്ടോ?

**ഉത്തരം:** ഞാൻ ചിറ്റൂർക്കോളേജിൽ, അദ്ധ്യാപകനായിരിക്കുമ്പോൾ ബി. എസ്. സി. ക്ലാസ്സിൽ ഉഷ എന്നൊരു പെൺകുട്ടി പഠിച്ചിരുന്നു. കോളേജ് ബ്യൂട്ടി എന്ന പേരിൽ അറിയപ്പെട്ടിരുന്ന ആ കുട്ടി എന്റെ മകളുടെ ക്ലാസ്സ് മെയ്റ്റായിരുന്നു. പാലക്കാട്ട് ചെർപ്പുളശ്ശേരി പനങ്ങാട്ടുവീട്ടിൽ പി. ജി. മേനോന്റെ മകൾ. എല്ലാ സിദ്ധികളുമുണ്ടായിരുന്ന ആ കുട്ടിക്ക്. പാട്ടും, നൃത്തം ചെയ്യും. ക്ലാസ്സിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങും. ഉഷ കൂട്ടുകാരികളുമായി ചിറ്റൂരിൽ ഞാൻ താമസിച്ച വീടിൽ പലതവണ വന്നിട്ടുണ്ട്. എന്റെ മകളുമായി സംസാരിക്കാൻ. ഒരു വർഷം മുമ്പ് എനിക്ക് ഉഷയുടെ കത്ത് കിട്ടി. താൻ ഒരു സ്കൂളിന്റെ ഹെഡ്മിസ്ട്രസാണെന്ന് അറിയിച്ചുകൊണ്ട്. ഈ മാസം ആദ്യത്തെ ആഴ്ചയിൽ ഉഷയുടെ മകന്റെ വിവാഹമാണെന്ന് അറിയിക്കുന്ന കത്തു കിട്ടി. അവരുടെ ഭർത്താവ് പി. കെ. വേണുഗോപാൽ അയച്ച കത്ത്. അതിൽ Son of late Smt. Usha എന്നു കണ്ടു ഞാൻ നടുങ്ങിപ്പോയി. ആ നടുക്കത്തോടെയാണ് ഞാൻ ഈ വരികൾ കുറിക്കുന്നതു്. നന്മയുള്ളവർ വേഗം പോകുന്നു. നന്മയില്ലാത്ത ഞാൻ ജീവിച്ചിരിക്കുന്നു.

**ചോദ്യം:** ചങ്ങമ്പുഴസ്തുതി നിങ്ങൾ അവസാനിപ്പിച്ചോ?

**ഉത്തരം:** നിങ്ങൾക്കു അറിയാൻ പാടില്ലാത്തതിന് എനിക്ക് എന്തുചെയ്യാം? വിശ്വസാഹിത്യത്തിലാണ് ചങ്ങമ്പുഴയുടെ സ്ഥാനം. പോൾ വെർലേൻ പോലും ചങ്ങമ്പുഴയുടെ ഒരു രോമത്തിന് വിലപിടിക്കില്ല. ഇവിടെ കുറെ വിവരം കെട്ടവർ ചങ്ങമ്പുഴയെക്കാൾ വയലാർ രാമവർമ്മയാണ് വലിയ കവി എന്നു പറഞ്ഞു നടക്കുന്നു. ഏഭ്യത്തരം.

**ചോദ്യം:** പി. കെ. ബാലകൃഷ്ണന്റെ 'ഇനി ഞാനുറങ്ങട്ടെ' എന്ന നോവൽ മാസ്റ്റർപീസല്ലേ?

**ഉത്തരം:** എട്ടുകാലിയുള്ള നിലവിളിയാണ് ആ നോവൽ. ചവറാണതു്.

**ചോദ്യം:** കുട്ടികൃഷ്ണമാരാരുടെ ഭാരതപര്യടനത്തെക്കുറിച്ച് നിങ്ങൾക്കുള്ള അഭിപ്രായം വേറെ ആർക്കെങ്കിലുമുണ്ടോ?

**ഉത്തരം:** വ്യക്തിവിവേകകാരന്റെ ശിഷ്യനാണ് കുട്ടികൃഷ്ണമാരാർ. അദ്ദേഹത്തിന്റെ വഴിപിഴച്ച യുക്തിയാണ് മാരാർക്കുമുള്ളതു്. 'ഭാരതപര്യടന'ത്തെ ആയിരംകൊണ്ടു ഗുണിച്ചാൽ 'വ്യക്തിവിവേകം' ഉണ്ടാകും. ധിഷണാശാലിയായ ബാലചന്ദ്രൻ ചുള്ളിക്കാട് എന്നോടു പറഞ്ഞു. വാല്മീകിയാരെന്നും വ്യാസൻ ആരെന്നും കുട്ടികൃഷ്ണമാരാർക്ക് അറിഞ്ഞുകൂടെന്ന്. സത്യം. ഇന്നത്തെ സംസ്കൃതപണ്ഡിതന്മാരിൽ (ഇന്ത്യയിലെ പണ്ഡിതന്മാരെയാണ് ഞാൻ ഉദ്ദേശിക്കുന്നതു്) അദ്വിതീയനാണ് എം. എച്ച്. ശാസ്ത്രികൾ. അദ്ദേഹം പറയും. മാരാർ ധർമ്മത്തെയാകെ അധർമ്മമായി കണ്ടുവെന്ന്. അധർമ്മമെല്ലാം മാരാർക്കു ധർമ്മമാണെന്നു ഞാനും പറയും. പലരും ധരിച്ചിരിക്കുന്നു അദ്ദേഹം സംസ്കൃതപണ്ഡിതനാണെന്ന്. അതു ശരിയല്ല. സാഹിത്യനിരൂപണത്തിൽ എം. ആർ. നായർ കാണിക്കുന്ന പ്രഗല്ഭത മാരാർക്കില്ല. റ്റാഗോറിന്റെ മൃത്യുബോധത്തെക്കുറിച്ച് അദ്ദേഹമെഴുതിയ 'മൃത്യുശ്രീ' എന്ന പ്രബന്ധംപോലെ ഒരു പ്രബന്ധം കുട്ടികൃഷ്ണമാരാർക്കു എഴുതാനാവില്ല. മൂല്യനിർണ്ണയത്തിൽ ഭാവസംദൃബ്ധതയിൽ (Sensibility) മുണ്ടശ്ശേരി എത്രയോ ഉയർന്നുനില്ക്കുന്നു മാരാരെക്കാൾ. പലപ്പോഴും ഞാൻ പറഞ്ഞ ഇക്കാര്യം ഇനി ആവർത്തിക്കില്ല.

**ചോദ്യം:** ശാകുന്തളം നാടകത്തിലെ 'ക്ഷാമക്ഷാമ കപോലെ മനനമുരഃ കാഠിന്യമുക്തകസ്തനം' എന്ന ശ്ലോകത്തിലെ ക്ഷാമക്ഷാമ പ്രയോഗത്തിന് അതിക്ഷാമമെന്നല്ല. അർത്ഥമെന്നും ക്ഷാമപ്രായം (ഏതാണ്ടു ക്ഷാമം) എന്ന അർത്ഥമേയുള്ളുവെന്നും നിങ്ങൾ പറഞ്ഞു. ഇതിന് വ്യാകരണസമ്മതമുണ്ടോ?

**ഉത്തരം:** M. R. Kale പറയുന്നു: Technically this means ഈഷത്ക്ഷാമ, somewhat emaciated, the doubling of the attribute is by the sutra പ്രകാരേഗുണവചനസ്യ… ക്ഷാമ ക്ഷാമമെന്നതു് അതിക്ഷാമമെന്ന് വ്യാഖ്യാനിക്കുന്നവരുണ്ട്. അപ്പോൾ ശകുന്തളയുടെ കവിൾ സോഡാക്കുപ്പിപ്പോലെ ഒട്ടിപ്പോയെന്നു വരും. അങ്ങനെ കവിളൊട്ടിയ ശകുന്തള ആലംബനവിഭാവമാണെന്ന് ഓർക്കണം. അവളെക്കണ്ടാൽ ദുഷ്യന്തന്റെ രതി എന്ന സ്ഥായിഭാവത്തിന് ഉദ്ദീപനം ഉണ്ടാവുകയില്ല. അത് ശൃംഗാരരസമായിത്തീരുകയില്ല. അതിനാൽ 'ഒട്ടി ഹന്ത കവിൾത്തടം' എന്ന തർജ്ജമ അബദ്ധമാണ്. മന്ദമന്ദം = അതിമന്ദമെന്ന അർത്ഥമല്ല. ഏതാണ്ട് മന്ദം എന്നാണ്. ശുക്ലശുക്ലം = അതിയായി വെളുത്തത് എന്ന അർത്ഥമല്ല. ശുക്ലപ്രായം = ഏതാണ്ട് വെളുത്തതു് എന്നേ അർത്ഥം പറയാനാവൂ.


## ഭൂലോങ്

> നിന്ദനവും അപമാനനവും ക്ഷതമേല്പിക്കലും ഉണ്ടാകുമെന്ന് മുൻകൂട്ടി അറിഞ്ഞാലും അന്യർക്ക് ഉപകാരം ചെയ്യണം നമ്മൾ.

ഗ്രാമപ്രദേശത്തുചെന്ന് ആരുടെയെങ്കിലും വീട് എവിടെയാണെന്നു ചോദിച്ചിട്ടുണ്ടോ എന്റെ വായനക്കാർ? ചോദിച്ചാൽ പട്ടണത്തിലെ പൗരനോടു ചോദിച്ചാൽ കിട്ടുന്ന മറുപടിയല്ല കിട്ടുന്നതു്. നഗരത്തിൽ കഴിഞ്ഞുകൂടുന്നവൻ 'ആ അറിയില്ല' എന്നു പറയും. ഗ്രാമീണർ അങ്ങനെയല്ല. ഉടനെ അനുകൂലമായ മറുപടി നല്കും. "ഈ റോഡിലൂടെ അര ഭൂലോങ് പോകണം. ആ അരഭൂലോങ് അവസാനിക്കുന്നിടത്തു് വലത്തോട്ട് ഒരു ചെറിയ പാത കാണാം. അതിൽ കാൽ ഭൂലോങ് പോയി ഇടത്തോട്ട് തിരിഞ്ഞാൽ അഞ്ചാമത്തെ വീടാണതു്." (ഫർലോങ്ങാണ് ഗ്രാമവാസികളുടെ ഭൂലോങ്) കൃതജ്ഞതാഭരിതമായ നേത്രങ്ങൾകൊണ്ട് അയാളെ ഒന്നു നോക്കിയിട്ട് നമ്മൾ നടക്കുന്നു. നടത്തം അനവരതമാണ്. പകുതി ഭൂലോങ് അല്ല. രണ്ടു മൈൽ നടന്നാലേ ആ വലത്തോട്ടുള്ള വഴി കാണൂ. (ഗ്രാമപ്രദേശത്തു പാർക്കുന്നവർക്കെല്ലാം രണ്ടു മൈൽ അരഭൂലോങ് ആണ്) കാൽ ഭൂലോങ് എന്നു പറഞ്ഞതു് ഒരു മൈലാണെന്ന സത്യം നടക്കുമ്പോൾ ബോധപ്പെടും. നടന്നുചെല്ലു. ഒരു വീടുപോലും അവിടെയെങ്ങും കാണില്ല. മാത്രമല്ല, Dead end-ലാണ് നമ്മൾ എത്തിയതെന്നും മനസ്സിലാക്കും. (റോഡ് അവസാനിക്കുന്നിടം dead end. പിന്നീട് മുന്നോട്ടുപോകാൻ വയ്യ.) ചന്ദ്രമതി ഭാഷാപോഷിണിയിൽ എഴുതിയ 'തട്ടാരക്കുടിയിലെ വിഗ്രഹങ്ങൾ' ഇതുപോലെയൊരു 'ഡെഡ് എൻഡിൽ' വായനക്കാരെ കൊണ്ടുചെല്ലുന്നു. മത്തായിച്ചൻ രാവിലെ നടക്കുമ്പോൾ മാടൻ വിഗ്രഹത്തെ കാണുന്നു. മാടന്റെ അടുത്തു ദേവിയുടെ വിഗ്രഹം. അല്പംകഴിഞ്ഞു അയാൾ തിരിച്ചുവരുമ്പോൾ വിഗ്രഹങ്ങൾ കാണാനില്ല. (അതോ നേരെമറിച്ചോ?) അങ്ങോട്ടു പോകുമ്പോൾ വിഗ്രഹങ്ങളില്ല. തിരിച്ചുവരുമ്പോൾ അവ സ്റ്റെഡിയായി നില്ക്കുന്നു. ശരിയേതെന്നു കണ്ടുപിടിക്കാൻ മാർഗ്ഗമില്ല. ചന്ദ്രമതിയുടെ കഥ വായിച്ചതിനുശേഷം മാസിക നഷ്ടപ്പെട്ടുപോയി.) ഗ്രാമീണരുടെ ഇടയിൽ ബഹളം. അവർ മാടനെയും ദേവിയെയും കെട്ടിടത്തിനുള്ളിലാക്കി. അപ്പോഴും അപ്രത്യക്ഷമാകലിനും പ്രത്യക്ഷമാകലിനും മാറ്റമില്ല. ഇങ്ങനെ കഥ അവസാനിക്കുന്നു. സി. വി. രാമൻപിള്ള പറഞ്ഞപോലെ 'അന്തവും കുന്ത'വുമില്ലാതെയുള്ള പര്യവസാനം വിഗ്രഹത്തിന്റെ പ്രത്യക്ഷസ്വഭാവത്തിനും അപ്രത്യക്ഷസ്വഭാവത്തിനും എന്തേ അർത്ഥം? സൂചകപദങ്ങൾപോലുമില്ല അതു മനസ്സിലാക്കാൻ. വായിൽ വന്നതു കോതയ്ക്കു പാട്ട് എന്ന മട്ടിലാണ് ചന്ദ്രമതി കഥയെഴുതുന്നതു്. കേന്ദ്രത്തിൽ നില്ക്കുന്ന പ്രമേയമില്ല. വേണ്ടാത്തതൊക്കെ വിരസമായി വർണ്ണിച്ച് ശ്രീമതി കഥയുടെ ദൈർഘ്യം കൂട്ടുന്നു. ഈ സാഹസിക്യത്തെ സാഹിത്യമെന്ന് വിളിക്കുന്നതെങ്ങനെ? ഇന്നത്തെ (11-12-01) ഇൻഡ്യൻ എക്സ്പ്രസ് പത്രത്തിൽ കെ. ഇ. മാമ്മൻ ഹർത്താലും ബന്ദും ഒരുപോലെ ജനദ്രോഹം എന്നെഴുതിയ പ്ലക്കാർഡ് ഉയർത്തിപ്പിടിച്ചു നില്ക്കുന്ന പടമുണ്ട്. 'ഹർത്താലും ബന്ദും ചന്ദ്രമതിയുടെ കഥയും ജനദ്രോഹം' എന്ന് അത് മാറ്റിയെഴുതേണ്ടിയിരുന്നു ഈ സ്വാതന്ത്ര്യസംരക്ഷകൻ.


## വിനു എബ്രഹാം

അച്ഛനും മക്കളും അമ്മയും മക്കളും സഹോദരനും സഹോദരിയും ഇവർ തമ്മിലുള്ള ബന്ധത്തെ രക്തബന്ധം എന്നു പറയാം. ഇത്തരത്തിൽ ബന്ധമുണ്ട് വ്യക്തിയും ജന്മദേശവും തമ്മിൽ. അതുകൊണ്ടാണ് ജന്മദേശത്തു് ജോലി നോക്കു


സി. എച്ച്. മുഹമ്മദ്കോയ

ന്നവനെ മറ്റൊരു സ്ഥലത്തേക്കു മാറ്റുമ്പോൾ അയാൾക്ക് (ജോലിയുള്ളവന്) അതിക്ലേശം ഉണ്ടാകുന്നതു്. തിരുവനന്തപുരത്തു് വളരെക്കാലം ജോലി നോക്കിയിരുന്ന എന്നെ ഒരു ഉദ്യോഗസ്ഥൻ ചിറ്റൂരേക്കു മാറ്റി. നല്ല യാളുകൾ. കോളേജ് നന്ന്. വിദ്യാർത്ഥികൾ യോഗ്യർ. പക്ഷേ, എനിക്ക് അസ്വസ്ഥത. ഇത് ഞാനും ജന്മദേശവും തമ്മിലുള്ള ബന്ധത്തിനു ഭംഗം വന്നതിനാലായിരുന്നു. എന്റെ ദൗർഭാഗ്യാവസ്ഥ കണ്ട് മാവേലിക്കര അച്യുതൻ കാരുണ്യത്തോടെ പ്രൊഫസർ ജോസഫ് മുണ്ടശ്ശേരിയെ വസ്തുതകൾ ധരിപ്പിച്ചു. മുണ്ടശ്ശേരി ഞാൻ അഭ്യർത്ഥിക്കാതെ തന്നെ ഇ. എം. എസ്സിനോടു പറഞ്ഞു. അദ്ദേഹം വിദ്യാഭ്യാസമന്ത്രി സി. എച്ച്. മുഹമ്മദ്കോയയോടു സംസാരിച്ച് എന്നെ തിരിച്ചു തിരുവനന്തപുരത്തേക്കു മാറ്റിച്ചു. മുണ്ടശ്ശേരിയെ ഞാൻ വാക്കുകൾകൊണ്ട് എറ്റിയിട്ടേയുള്ളു. എങ്കിലും മഹാമനസ്കനായ അദ്ദേഹം എന്നെ സഹായിച്ചു. ഞാൻ വാക്കുകൾകൊണ്ടു പുഷ്പാർച്ചന നടത്തുന്ന ജി. ശങ്കരക്കുറുപ്പ് സഹായിച്ചില്ല. തിരുവനന്തപുരത്ത് എത്തിയ ഞാൻ ജീവൻ വീണ്ടെടുത്തു സുഖമായി കഴിഞ്ഞുകൂടി. മാവേലിക്കര അച്യുതൻ, മുണ്ടശ്ശേരി, ഇം. എം. എസ്സ്. ഇവരോട് എനിക്കു കടപ്പാടുണ്ട്. ഭൂവിഭാഗങ്ങളിലും ശീതോഷ്ണാവസ്ഥകളും വിഭിന്നദേശങ്ങളിൽ ഒന്നാകാം. എങ്കിലും ജന്മദേശത്തോടുള്ള ബന്ധം രക്തബന്ധംപോലെ ദൃഢതയാർന്നതാണ്. സത്യസന്ധമാണ്. ഒരു പുഴയോടു ബന്ധപ്പെടുത്തി ഒരു വൃദ്ധയുടെ ജീവിതം ആവിഷ്കരിക്കുന്ന വിനു എബ്രഹാമിന്റെ 'രണ്ടു കൂട്ടുകാർ' എന്ന കഥ ഹൃദ്യമായതു് (മാധ്യമം വാരിക) ആ ബന്ധത്തിന്റെ ശാശ്വതാവസ്ഥയും ചൈതന്യവും ചിത്രീകരിച്ചതിനാലാണ്. വീടു മാറിപ്പോകുന്ന വൃദ്ധ ആ ബഹളത്തിലൊന്നും പങ്കുകൊള്ളാതെ വീട്ടിനടുത്തുള്ള പുഴയുടെ തീരത്ത് ചെന്ന് ഇരിക്കുന്നു. കഥാകാരൻ ഗതാവലോകന കലാസങ്കേതത്തിലൂടെ വൃദ്ധയെയും പുഴയെയും കൂട്ടിയിണക്കുന്നു. പുഴയിൽ ഷീലയും പ്രേംനസീറും നീന്തിത്തുടിച്ച് അഭിനയിക്കുന്നതുമൊക്കെ വിനു എബ്രഹാം ആലേഖനം ചെയ്യുന്നുണ്ട്. അദ്ദേഹം വിദഗ്ദ്ധമായി ആ ചലച്ചിത്രതാരങ്ങളെ വൃദ്ധയുടെയും അവരുടെ ഭർത്താവിന്റെയും യൗവനകാലവുമായി ബന്ധിപ്പിക്കുന്നു. വൃദ്ധ പുഴയുടെ തീരത്തു് വളരെനേരമിരുന്ന് അതുമായി (പുഴയുമായി) താദാത്മ്യം പ്രാപിക്കുന്നു. പ്രകൃതിയെയും മനുഷ്യാത്മാവിനെയും ഒന്നാക്കുന്ന നല്ല കഥയാണിതു്. വൃദ്ധയുടെ സ്വഭാവത്തിന് സാർവലൗകികാംശമുണ്ട്. പുഴയ്ക്കും അതുണ്ട്. അവ രണ്ടിനെയുമാണ് കഥാകാരൻ ഒന്നാക്കുന്നതു്. നാടൻശൈലിയിലാണ് ആഖ്യാനം. അതും നന്നായി.


## പല കാര്യങ്ങൾ


ചങ്ങമ്പുഴ

ഇപ്പോൾ എനിക്കു കുപ്രസിദ്ധിയെങ്കിലുമുണ്ട്. ഇതുപോലുമില്ലാതിരുന്ന കാലയളവിൽ ഒരാൾ എന്റെ തൂലികാചിത്രം എഴുതാൻ വന്നു. വന്നയാളിനെക്കുറിച്ച് അപവാദമുണ്ടായിരുന്നു. അദ്ദേഹം ആരുടെ തൂലികാചിത്രമെഴുതുന്നുവോ ആ ആൾ ഒരാഴ്ചയ്ക്കകം മരിക്കും. എനിക്കു അന്ധവിശ്വാസമേയില്ല. പക്ഷേ, എന്റെ വീട്ടുകാർ അന്ധവിശ്വാസികളാണ് തൂലികാചിത്രമെഴുതുന്ന ആൾ വന്നപ്പോൾ സഹധർമ്മിണിയും കുട്ടികളും ഒറ്റക്കെട്ടായി എതിർത്തു. വന്നയാളിനോടു കുട്ടികൾതന്നെ പറഞ്ഞു: "അച്ഛൻ പോയാൽ ഞങ്ങൾക്കു കഞ്ഞിവെള്ളം കുടിച്ചു കിടക്കാൻ ഒക്കുകയില്ല. അതുകൊണ്ട് തൂലികാചിത്രമെഴുതാൻ ഞങ്ങൾ സമ്മതിക്കില്ല." ആഗതൻ ചിരിച്ചുകൊണ്ട് തിരിച്ചുപോയി. അദ്ദേഹം എഴുതിയാൽ മരണമുണ്ടാകുമെങ്കിലും എനിക്ക് ആ മനുഷ്യനെ വലിയ ഇഷ്ടമായിരുന്നു. ചിരിച്ച മുഖം എപ്പോഴും അതിന് ആകർഷകത്വമുണ്ട്. ഒരിക്കലും ഒരു പരുക്കൻ വാക്കും ആ എഴുത്തുകാരന്റെ നാവിൽ നിന്നും വരില്ല. കുലീനതയുള്ള മനുഷ്യൻ അദ്ദേഹം കുട്ടികളുടെ വാക്കുകേട്ട വീട്ടിൽ നിന്നിറങ്ങിപ്പോയപ്പോൾ എനിക്കു സങ്കടമുണ്ടായി. ഈ എഴുത്തുകാരൻ എൽ. എ. രവിവർമ്മയെ കാണാൻ ചെന്നു. (പണ്ഡിതൻ, ഭാഷാശാസ്ത്രജ്ഞൻ, കണ്ണഡോക്ടർ) തൂലികാചിത്രമെഴുതാൻ ചെന്നിരിക്കുകയാണ് അദ്ദേഹമെന്ന് മനസ്സിലാക്കി എൽ. എ. രവിവർമ്മ പറഞ്ഞു "നിങ്ങൾ വരാൻ സമയമായില്ല. ആറു മാസം കഴിഞ്ഞു വന്നോളു. അപ്പോൾ എഴുതാം." ആറു മാസം കഴിഞ്ഞ് എഴുത്തുകാരൻ രവിവർമ്മയുടെ വീട്ടിലെത്തി. അദ്ദേഹം തന്നെസ്സംബന്ധിക്കുന്ന കാര്യങ്ങളെല്ലാം പറഞ്ഞുകൊടുത്തു. തൂലികാചിത്രം ഒരാഴ്ചപ്പതിപ്പിൽ വന്നു. മൂന്നു ദിവസം കഴിഞ്ഞില്ല. അതിനുമുൻപ് എൽ. എ. രവിവർമ്മ മരിച്ചു.

> വിശ്വസാഹിത്യത്തിലാണ് ചങ്ങമ്പുഴയുടെ സ്ഥാനം. പോൾ വെർലേൻ പോലും ചങ്ങമ്പുഴയുടെ ഒരു രോമത്തിന് വിലപിടിക്കില്ല.


ഒരു ചെക്കസ്ലൊവാക്യൻ കഥയുണ്ട്. 'Vampire' എന്ന പേരിൽ. അതു ഞാൻ വായിച്ചിട്ടുണ്ട്. ചങ്ങമ്പുഴ 'രക്തരക്ഷസ്സ്' എന്ന പേരിൽ അതു തർജ്ജമ ചെയ്തു. ആ ഭാഷാന്തരീകരണവും ഞാൻ വായിച്ചു. രക്തരക്ഷസ്സ് ചിത്രകാരനാണ്. അയാൾ ആരുടെ പടം വരച്ചാലും ആ ആൾ ഉടനെ മരിക്കും. രോഗംപിടിച്ച ഒരു പെൺകുട്ടിയുമായി ബന്ധുക്കൾ ഒരിടത്ത് എത്തുന്നു. അവർ പെൺകുട്ടിയെ കാറ്റുകൊള്ളിക്കാൻ ഒരു കുന്നിൽ ചെന്നിരിക്കുമ്പോൾ ദൂരെ ആ ചിത്രകാരൻ ഇരുന്നു പടം വരയ്ക്കുകയാണ്. അയാളോടു പെൺകുട്ടിയുടെ ബന്ധു ശണ്ഠകൂടി. ചിത്രകാരൻ കുന്നിൻ പുറത്ത് മലർന്നുവീണു. അയാളുടെ അടുത്തു വരച്ചുകൊണ്ടിരുന്ന ചിത്രം വീണുകിടക്കുന്നുണ്ടായിരുന്നു. അവർ നോക്കിയപ്പോൾ രോഗിണിയായ ആ പെൺകുട്ടിയുടെ ചിത്രമായിരുന്നു അത്.


പോൾ വെർലേൻ

ചിലരിങ്ങനെയാണ്. അവരുടെ സാന്നിദ്ധ്യം മതി. മറ്റുള്ള നിരപരാധർക്കും ആപത്തു സംഭവിക്കും. ഞാൻ കെ. ബാലരാമപ്പണിക്കർ സ്സാറുമായി വടക്കൊരിടത്ത് മീറ്റിങ്ങിനു പോവുകയായിരുന്നു. പേട്ടയിൽനിന്ന് പണിക്കർസ്സാറ് കാറിൽ കയറി. വണ്ടി നീങ്ങിയയുടനെ സംസ്കൃത കോളേജിൽ ഞങ്ങളുടെ രണ്ടുപേരുടെയും ശിഷ്യനായ ഒരാൾ കൈകാണിച്ചുകൊണ്ട് ഓടിയെത്തി. ഡ്രൈവർ കാറ് നിറുത്തിയപ്പോൾ മുൻവശത്തെ ഡോർ തുറന്ന് അയാൾ കയറിയിരുന്നു. പണിക്കർസ്സാറ് എന്റെ കാതിൽ പ്പറഞ്ഞു "നമുക്ക് ഇന്ന് ആപത്തുണ്ടാകും. ഇയാളുടെ സാന്നിദ്ധ്യമാണ് വിപത്തിനു കാരണമാകുന്നതു്." സാറ് പറഞ്ഞതുപോലെ സംഭവിച്ചു. ആറ്റിങ്ങൽകഴിഞ്ഞ് ഒരു മൈൽ പോയതേയുള്ളു. ഒരു പെൺകുട്ടി (അഞ്ചു വയസ്സു വരും) കാറിന്റെ മുൻവശത്തു് ചാടി. ഡ്രൈവർ ബ്രെയ്ക്ക് ഇട്ടിട്ടും പ്രയോജനമുണ്ടായില്ല. കുട്ടി മരിച്ചില്ല. എങ്കിലും അതിന്റെ മുതുകിലെ തൊലി പാളിയായി ഇളകിപ്പോയി. ഡ്രൈവർ ഓടി രക്ഷപ്പെട്ടു. കണ്ണടച്ചു തുറക്കുന്നതിനുമുൻപ് ലക്ഷക്കണക്കിന് ഇസ്ലാം മതത്തിൽപെട്ടവർ ഞങ്ങളെ വളഞ്ഞു അടിക്കാനായി. അപ്പോൾ ഭാഗ്യംകൊണ്ട് എന്റെ കൂട്ടുകാരനായ അബ്ദുൾഖാദർ ഞങ്ങളുടെ രക്ഷയ്ക്ക് എത്തി. 'കൃഷ്ണൻനായർ എന്റെ സുഹൃത്താണ്. തൊടരുതു്' എന്ന് അദ്ദേഹം ഉറക്കെപ്പറഞ്ഞു. ഞങ്ങൾ രക്ഷപ്പെട്ടു. കുട്ടിയെ ആശുപത്രിയിൽ കൊണ്ടുപോയി. കുറച്ചു രൂപയും കുട്ടിയുടെ അച്ഛനമ്മമാർക്കും ഞങ്ങൾ കൊടുത്തു.

വിമാനം തകർന്ന് 250 ആളുകൾ മരിക്കുന്നു. ഈ ഇരുന്നൂറ്റിയമ്പതു പേരും പാപം ചെയ്തവരോ? അല്ല. അതിന് അരവിന്ദഘോഷിന്റെ ഒരു ശിഷ്യൻ സമാധാനം പറഞ്ഞിട്ടുണ്ട്. ഇരുന്നൂറ്റിയമ്പതു പേരിൽ ഒരാൾ കാണും ദുർവിധിക്കാറ്റു തട്ടിയവനായി. അയാൾ മരിക്കുന്നതിന്റെ കൂടെ മറ്റുള്ളവരും മരിക്കുന്നു. ഈ അഭിപ്രായം അത്രത്തോളം ശരിയോ എന്ന് എനിക്കു സംശയം.

ഡാനിഷ്[1] എഴുത്തുകാരി ഈസാക് ദീനസൻ (Isak Dinesen, 1885–1962) ഉജ്ജ്വല പ്രതിഭയാൽ അനുഗ്രഹീതയാണ്. അവരുടെ കഥകൾക്കും നോവലുകൾക്കും അന്യാദൃശ്യസ്വഭാവമുണ്ട്. 'Out of Africa' എന്ന ആത്മകഥ അതിഗംഭീര


ഈസാക് ദീനസൻ

മാണ്. ദീനസിന്റെ പ്രഖ്യാത ചെറുകഥയാണ്. 'The Sailor Boy's Tale' എന്നതു്. കപ്പൽ പോകുമ്പോൾ ഒരു പക്ഷി പാമരത്തിലെ നൂലിൽ കാലു കുരുങ്ങി രക്ഷപ്പെടാൻ ശ്രമിക്കുന്നതു് സൈമൺ എന്ന യുവനാവികൻ കണ്ടു. പണ്ട് തന്റെ വീട്ടിനടുത്തുള്ള കല്ലിൽ ഇതുപൊലെയൊരു പക്ഷി ഇരുന്നതു് ആ ബാലൻ കണ്ടിട്ടുണ്ടായിരുന്നു. അതു പൊടുന്നനെ പറന്നുയർന്നു. ഇപ്പോൾ പാമരത്തിൽ കഷ്ടപ്പെടുന്ന പക്ഷിയും അന്നു പറന്നുയർന്ന പക്ഷിയും ഒന്നാണെന്നു സൈമൺ വിചാരിച്ചു. അയാൾ പാമരത്തിൽ പ്രയാസപ്പെട്ടു കയറി. കയറിച്ചെന്നപ്പോൾ കോപം നിറഞ്ഞ മഞ്ഞക്കണ്ണുകൾകൊണ്ട് ആ പക്ഷി അവനെ നോക്കി. നാവികൻ പേനാക്കത്തിയെടുത്തു നൂലുകൾ മുറിച്ച് പക്ഷിയെ രക്ഷപ്പെടുത്തി. പക്ഷേ, അത് അവന്റെ തള്ളവിരൽ കൊത്തിമുറിച്ചു രക്തം ഒഴുകാൻ തുടങ്ങി. പരോപകാരത്തിന്റെ കയ്പുള്ള ഫലമാണിതു്. നമ്മൾ ആർക്ക് ഉപകാരം ചെയ്താലും ആ വ്യക്തി തിരിഞ്ഞുകുത്താതിരിക്കില്ല. ഈസാക് ദീനസൻ ഇത് ഒരു കഥാസംഭവത്തിലൂടെ വ്യക്തമാക്കിത്തരുന്നു നമുക്ക്. ഇതുകൊണ്ട് ആർക്കും ഉപകാരം ചെയ്യരുതെന്നു പറയുകയല്ല ഞാൻ. ഉപകാരം ചെയ്താൽ ഇങ്ങോട്ടു ക്ഷതമേല്പിക്കും. ഉപകാരം സ്വീകരിച്ചവൻ എന്ന ലോകതത്ത്വം മാത്രമേ ഞാൻ വായനക്കാരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നുള്ളു. നിന്ദനവും അപമാനനവും ക്ഷതമേല്പിക്കലും ഉണ്ടാകുമെന്ന് മുൻകൂട്ടി അറിഞ്ഞാലും അന്യർക്ക് ഉപകാരം ചെയ്യണം നമ്മൾ. അത് നമ്മൾക്ക് ആഹ്ലാദം നല്കും.

---

1. വിശ്വസാഹിത്യത്തിൽ ചിരപ്രതിഷ്ഠയുള്ള പല വ്യക്തികളും പി. എച്ച്. ഡി., ഡിലിറ്റ് ഈ ബിരുദങ്ങളുള്ളവരാണ്. പക്ഷേ, അവരിൽ ആരുംതന്നെ പേരിന്റെ ആദ്യം 'ഡ്റ്' (Dr) എന്നു വയ്ക്കാറില്ല. നമ്മുടെ അല്പന്മാരും അക്ഷരങ്ങൾ മുഴുവനും അറിഞ്ഞുകൂടാത്തവരുമായ ആളുകൾ 'ഡ്റ്' കൂടാതെ പേരെഴുതുകയില്ല. മാത്രമല്ല റ്റെലിഫോണിൽ 'കൃഷ്ണൻനായർ സംസാരിക്കുന്നു' എന്നു ഞാൻ അങ്ങോട്ടു പറഞ്ഞാൽ 'Yes Dr Parameswaran Nampoothiri is speaking' എന്നു പറയും. എന്നോട് എന്റെ ഒരു പൂർവ്വ ശിഷ്യൻ പറഞ്ഞതാണിതു്. (പരമേശ്വരൻ എന്നതു് മാറ്റിയെഴുതിയ പേരാണ്) ഇതു ലജ്ജാവഹം. വയറു പിഴയ്ക്കാൻ എം. എ. കഴിഞ്ഞ് Ph. D. എടുത്തുകൊള്ളട്ടെ. അവർ അതെന്തിന് മറ്റുള്ളവരെ അടിച്ചേല്പിക്കുന്നു? പണ്ട് ഇതിലും ജുഗുപ്സാവഹമായി പെരുമാറിയിരുന്നു ചിലർ. ഡോക്ടർ മാവേലിക്കര രാഘവൻ എന്നെഴുതിയിട്ട് MA (ഇംഗ്ലീഷ്), MA (സംസ്കൃതം), MA (മലയാളം), MA (ഹിന്ദി), MA (തമിഴ്) എന്നും മറ്റും കാച്ചിവിടും. Inferiority Complex-ൽ നിന്നു ജനിക്കുന്നതാണ് ഇത്. ഞാനിതുകൊണ്ടാണ് പേരിന്റെ ആദ്യം പ്രൊഫെസർ എന്നെഴുതാത്തതു്.

□

# എം. കൃഷ്ണൻ നായർ


തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന് ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്ന മലയാള വിഭാഗം തലവനായി വിരമിച്ചു.

## സാഹിത്യവാരഫലം



36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കറിക്ക കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.




1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്ന കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക്ക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യവാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യൂമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

RIVER VALLEY
DIGITAL LIBRARY
*empowering the author ...*

- "റിവർ വാലി പ്രസ്" എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ<br>(119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്ഗിറ്റ് | 25 |

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണു് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണു് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/ കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്കു/സുഹൃത്തുക്കൾക്കു് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who's who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014